(എ) കൊടുവള്ളി മണ്ഡലത്തിലെ ചേളന്നൂർ പഞ്ചായത്ത് പി.എച്ച്.സി.യുടെ ആവശ്യാർത്ഥം നാട്ടുകാർ വാങ്ങിയ സ്ഥലത്തിന്റെ രജിസ്ട്രേഷൻ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലത്തിന്റെ രജിസ്ട്രേഷൻ നടത്താൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) കോഴിക്കോട്, ചേളന്നൂർ പഞ്ചായത്തിൽ ഇരിവെള്ളൂർ പി.എച്ച്.സി.യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ചേളന്നൂർ വില്ലേജിൽ, ഇരിവെള്ളൂർ ദേശത്ത് റീസർവേ 12/1-ൽ ഒരു ഏക്കർ 13 സെന്റ് സ്ഥലം ആരോഗ്യവകുപ്പിന് കൈമാറുന്നതിന്റെ ഭാഗമായി നിർദ്ദിഷ്ട സ്ഥലത്തിന്റെ സ്കെച്ച്, പ്ലാൻ, ആധാരം എന്നിവ വ്യക്തികളിൽ നിന്നും വിട്ടുകൊടുക്കാൻ നടപടികളുടെ ഭാഗമായി കോഴിക്കോട് റവന്യു ഡിവിഷൻ ഓഫീസർക്ക് അയയ്ക്കുകയും എന്നാൽ ടി നടപടികളിൽ പിശക് ഉണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ തള്ളുകയുമാണുണ്ടായത്. ഇരിവെള്ളൂർ പി.എച്ച്.സി.യ്ക്ക് മറ്റൊരു സ്ഥലം നാട്ടുകാർ വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**128 (3029) കാണീറ്റുകര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാർ ഇല്ലെന്ന പരാതി**

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ കാണീറ്റുകര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാർ ഇല്ലാത്തതുമൂലം ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാണീറ്റുകര ഹെൽത്തു സെന്ററിലേയ്ക്ക് ആവശ്യമായ ഡോക്ടർമാരെ അടിയന്തിരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**129 (3030) വയനാട് ജില്ലയിൽ കെട്ടിടമില്ലാത്ത ആരോഗ്യ കുടുംബക്ഷേമ കേന്ദ്രങ്ങൾ**

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വയനാട് ജില്ലയിൽ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള കുടുംബ ക്ഷേമ കേന്ദ്രങ്ങൾ കെട്ടിടം ഇല്ലാതെ സെക്ഷൻ ആയി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള കുടുംബക്ഷേമ കേന്ദ്രങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) എന്തു കാരണത്താലാണ് പ്രസ്തുത കേന്ദ്രങ്ങൾക്ക് ഇതുവരെ കെട്ടിടം കണ്ടെത്താത്തത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം സ്ഥലങ്ങളിൽ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 13 എണ്ണം.

(സി&ഡി) ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാലാണ് 10 കേന്ദ്രങ്ങൾക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കാൻ സാധിക്കാത്തത്. മറ്റു മൂന്നു കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടികൾ തുടങ്ങിക്കഴിഞ്ഞു. കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മറ്റു കേന്ദ്രങ്ങളിലും നിർമ്മാണ നടപടികൾ കൈക്കൊള്ളുന്നതാണ്.

### 130 (3031) എടവണ്ണ കമ്മ്യൂണിറ്റി സെന്ററിന്റെ പ്രവർത്തനം

ശ്രീ. എൻ. കണ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എടവണ്ണ കമ്മ്യൂണിറ്റി സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്;

(ബി) ഈ കമ്മ്യൂണിറ്റി സെന്ററിന് ആവശ്യമായ കെട്ടിടമോ മറ്റു സൗകര്യങ്ങളോ ഇല്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ&ബി) 1997 മാർച്ച് മാസത്തിലാണ് എടവണ്ണ പ്രാഥമികാരോഗ്യകേന്ദ്രത്തെ കമ്മ്യൂണിറ്റി സെന്ററായി ഉയർത്താനുള്ള ഉത്തരവു പുറപ്പെടുവിച്ചത്. പദ്ധതി വിഹിതത്തിന്റെ ലഭ്യത അനുസരിച്ച് ഈ സെന്ററിന് കൂടുതലായി വേണ്ട സൗകര്യങ്ങൾ ഘട്ടംഘട്ടമായി ഏർപ്പെടുത്തുന്നതാണ്. സെന്ററിന് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ബ്ലോക്കു പഞ്ചായത്തിന്റെ പരിധിയിലാണ്.

### 131 (3032) നെടുമൺകാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം

ശ്രീ. എഴുകോൺ നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ നെടുമൺകാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly